പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## പി എം ജി എസ് വൈ പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1473 — 04.12.2015 ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>,, ടി.എൻ. പ്രതാപൻ<br>,, പി.എ.മാധവൻ<br>,, എ.റ്റി.ജോർജ് | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) പി.എം.ജി.എസ്.വൈ. പദ്ധതി അനുസരിച്ച് മുടങ്ങിക്കിടന്ന റോഡുകളുടെ പണിക്ക് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) പി.എം.ജി.എസ്.വൈ. പദ്ധതി അനുസരിച്ച് മുടങ്ങിക്കിടന്ന റോഡുപണിക്ക് പ്രത്യേകം പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ നിരവധി തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രതികരണമില്ലാത്ത ഫേസ് 2 മുതൽ 7 വരെയുള്ള പ്രവൃത്തികൾ 2010 ഷെഡ്യൂൾ പ്രകാരം റിവൈസ് ചെയ്ത് ടി പ്രവർത്തികൾക്ക് 42 ശതമാനം ടെണ്ടർ പ്രീമിയം അനുവദിച്ചത് വഴി 155 പ്രവർത്തികൾക്ക് കരാർ ഉറപ്പിക്കുന്നതിന് സാധിച്ചു. വിവിധ കാരണങ്ങളാൽ ആരംഭിക്കാത്തതും മുടങ്ങിക്കിടക്കുന്നതുമായ മുൻ ഘട്ടങ്ങളിലെ 130 കി.മീറ്റർ ദൈർഘ്യം വരുന്ന 68 റോഡുകളുടെ പ്രവർത്തികൾക്ക് 2013 പി.എം.ജി.എസ്.വൈ. ലോക്കൽ മാർക്കറ്റ് ആധാരമായിട്ടുള്ള schedule of rate പ്രകാരം സംസ്ഥാനസർക്കാർ വിഹിതമായി രൂപ 60.64 ലക്ഷം അധിക തുക നൽകി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) ടെണ്ടർ പ്രീമിയം അനുവദിച്ചതുവഴി ഇതിനകം 107 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവഴി അനുവദിച്ചതിലെ പൂർത്തീകരണ നിരക്ക് കൂട്ടുന്നതിലൂടെ കൂടുതൽ റോഡുകൾ പി.എം.ജി.എസ്.വൈ. രണ്ടാം ഘട്ടത്തിൽ, കേന്ദ്രസർക്കാരിൽ നിന്നും അനുമതിക്കായി ശ്രമിക്കാവുന്നതാണ്. |
| (സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി സംസ്ഥാന തലത്തിൽ ഒരു ചീഫ് എഞ്ചിനീയറെയും ഒരു എംപവേർഡ് ഓഫീസറെയും ഒരു ഫിനാൻഷ്യൽ കൺട്രോളറെയും നിയോഗിച്ചിട്ടുണ്ട്. പദ്ധതിയിൽ |

നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി 12 സ്വതന്ത്ര സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരെ നിയമിച്ചിട്ടുണ്ട്. പി.എം.ജി.എസ്. വൈ. പദ്ധതികളിലേയ്ക്ക് കരാറുകാരെ ആകർഷിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രി കളുടെ മാർക്കറ്റ് വില നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകളിലെ ഉദ്യോഗസ്ഥന്മാരുടെ അദ്ധ്യക്ഷതയിൽ കരാറുകാരുടെ യോഗവും പരിശീലന പരിപാടിയും അവലോകനവും സംഘടിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ